(എ) ആലപ്പുഴ നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) നഗരത്തിൽ പുതിയതായി സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ടോ ;

(ഡി) നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുന്നപ്ര സബ്സ്റ്റേഷനിലെ രണ്ട് 40 എം.വി.എ. 110/66 കെ.വി. ട്രാൻസ്ഫോർമർ മാറ്റി പകരം രണ്ട് 63 എം.വി.എ. ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് സബ്സ്റ്റേഷൻ സ്ഥാപിതശേഷി വർദ്ധിപ്പിച്ചു. കൂടാതെ 5.5 കി.മീറ്റർ 11 കെ.വി. ഓവർഹെഡ് ലൈനും 0.7 കി.മീറ്റർ 11 കെ.വി. കേബിളും സ്ഥാപിച്ച് പുതുതായി 19 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. 28 കി.മീറ്റർ എൻ.ടി.ലൈൻ നിർമ്മിക്കുകയും 1.5 കി.മീറ്റർ ലൈനിലെ കണ്ടക്ടർ മാറ്റി ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ജോലികൾക്കായി മൊത്തം 288.97 ലക്ഷം രൂപ ചെലവായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി&ഡി) പുന്നപ്ര 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനുള്ള പണികൾ പുരോഗമിച്ചു വരുന്നു.

സഹകരണ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

106 (1258) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയം സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ;

(ബി) 1997-98, 1998-99, 1999-2000 1-4-2000 മുതൽ 31-12-2000 വരെയുള്ള കാലയളവിൽ കോട്ടയം ജില്ലാ സഹകരണബാങ്കിൽ നിന്നും ഒരു കോടി രൂപയിലധികം ലോൺ എത്ര സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട് ;

(സി) ഇതിൽ എത്ര സഹകരണ സ്ഥാപനങ്ങൾ, എത്ര സ്വകാര്യസ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കാമോ ;

(ഡി) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന് ടേം ലോൺ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും നൽകുന്നത് സംബന്ധിച്ച് മില്ലിന്റെ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ഗവൺമെന്റ് അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നതായി അറിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ഇത് അനുസരിച്ച് സംസ്ഥാന സഹകരണബാങ്ക് ടേം ലോൺ കൊടുക്കുവാൻ തീരുമാനമെടുത്തിരുന്നോ ;

(ജി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ എന്നാണ് തീരുമാനം എടുത്തത് ;

(ഐ) ഈ തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജെ) ജില്ലാ ബാങ്ക് ഈ സ്ഥാപനത്തിന് ടേം ലോൺ കൊടുക്കുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ;

(കെ) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എൽ) സഹകരണ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാതെയും സ്വകാര്യമേഖലയ്ക്ക് അമിത പ്രാധാന്യം നൽകുകയും ചെയ്യുന്ന സമീപനം സഹകരണബാങ്കുകൾ സ്വീകരിക്കാതെയിരിക്കുവാൻ വേണ്ട നിർദ്ദേശം ഗവൺമെന്റ് നൽകുമോ ?

ഉത്തരം

(എ) സഹകരണ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ അനുവർത്തിച്ചു വരുന്നത്.

(ബി&സി) കോട്ടയം ജില്ലാ സഹകരണബാങ്കിൽ നിന്നും ഒരു കോടിയിലധികം തുക ലോണായി പ്രസ്തുത കാലയളവിൽ 4 സഹകരണ സ്ഥാപനങ്ങൾക്കും ഒരു സ്വകാര്യസ്ഥാപനത്തിനും കൊടുത്തിട്ടുണ്ട്.

(ഡി&ഇ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) സംസ്ഥാന സഹകരണബാങ്ക് അനുവർത്തിച്ചു വരുന്ന നയമനുസരിച്ച് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുവാനും തിരികെ ഈടാക്കുവാനുമുള്ള പൂർണ്ണ ഉത്തരവാദിത്വം ജില്ലാ സഹകരണ ബാങ്കുകൾക്കാണ്. ആയതുകൊണ്ട് ഈ നയത്തിന് വിപരീതമായി കോട്ടയം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന് നേരിട്ട് വായ്പ നൽകുവാൻ കഴിയുകയില്ല എന്നാണ് ബാങ്കിന്റെ നിലപാട്.

(എച്ച്&ഐ) വായ്പ നേരിട്ട് നൽകാൻ തീരുമാനിച്ചിട്ടില്ല.

(ജെ) വിയോജിപ്പ് പ്രകടിപ്പിച്ചതായി അറിവില്ല.

(കെ) ബാധകമല്ല.

(എൽ) നിലവിൽ സഹകരണ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സഹകരണ ബാങ്കുകൾ സ്വീകരിച്ചിട്ടുള്ളത്. അതിനാൽ ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശം നൽകേണ്ടതായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly